<table>
<tr><th>ദിവസം</th><th>ഹജ്ജ് മാത്രം ചെയ്യുന്നവൻ (മുഫ്‌റിദ്)</th><th>ഹജ്ജും ഉംറയും ഒന്നിച്ചു ചെയ്യുന്നവൻ (ഖാരിൻ)</th><th>ആദ്യം ഉംറയും പിന്നെ ഹജ്ജും ചെയ്യുന്നവൻ (മുത്മതിഅ്)</th></tr>
<tr><td>ദുൽഹജ്ജ് 8ൻെറ മുമ്പ് നിർബൻധമായത്</td><td>1. മീഖാതിൽ നിന്ന് ഇഹ്റാമിൽ പ്രവേശിക്കൽ<br>2. ത്വവാഫുൽ ഖുദൂം (ഇത് സുന്നത്താണ്)<br>3. ‘സഅ്‌യ്’ (സഫാമർവക്കിടയിലുള്ള നടത്തം). ഹാജി ത്വവാഫുൽ ഖുദൂമിനോടൊപ്പം സഅ്‌യ് ചെയ്തില്ലെങ്കിൽ ഹജ്ജിൻെറ ത്വവാഫിനു ശേഷം സഅ്‌യ് ചെയ്യേണ്ടതാണ്. അതാണ് ഉത്തമവും. പിന്നീട് ഇഹ്റാമിൽ തന്നെ തുടരുക. നിഷിദ്ധങ്ങളിൽനിന്ന് വിട്ടു നിൽക്കുക.</td><td>1. മീഖാതിൽ നിന്ന് ഇഹ്റാമിൽ പ്രവേശിക്കൽ<br>2. ത്വവാഫുൽ ഖുദൂം (ഉംറയുടെ ത്വവാഫ്)<br>3. ‘സഅ്‌യ്’ - സഫാമർവക്കിടയിലുള്ള നടത്തം- (ഹജ്ജിന്നും ഉംറക്കും ഈ സഅ്‌യ് മതി). പിന്നീട് ദുൽ ഹജ്ജ് പത്ത് വരേ ഇഹ്റാമിൽ തന്നെ തുടരുക. ഇഹ്റാമിലെ നിഷിദ്ധങ്ങളിൽനിന്ന് വിട്ടു നിൽക്കുക.</td><td>1. മീഖാതിൽ നിന്ന് ഇഹ്റാമിൽ പ്രവേശിക്കൽ<br>2. ത്വവാഫുൽ ഖുദൂം (ഉംറയുടെ ത്വവാഫ്)<br>3. ‘സഅ്‌യ്’ (സഫാമർവക്കിടയിലുള്ള നടത്തം). ഇത് ഉംറയുടെ സഅ്‌യ് ആണ്.<br>4. മുടി വെട്ടുകയോ വടിക്കുകയോ ചെയ്യുക.<br>5. ഇഹ്റാമിൽനിന്ന് വിരമിക്കുക. ഹജ്ജിന് ഇഹ്റാമിൽ പ്രവേശിക്കുന്നത് വരേ ഇഹ്റാമിൽ പാടില്ലാത്തതെല്ലാം അനുവദനീയമാണ്. (ദുൽഹജ്ജ് 8 വരേ)</td></tr>
<tr><td rowspan="2">ദുൽഹജ്ജ് 8 (തർവ്വിയതിൻെറ ദിവസം)</td><td>മിനായിലേക്ക് പുറപ്പെടുക</td><td>മിനായിലേക്ക് പുറപ്പെടുക</td><td>മിനായിലേക്ക് പുറപ്പെടുക</td></tr>
<tr><td>ദുഹ്ർ, അസ്വർ, മഗ്‌രിബ്, ഇശാഅ്, സുബ്ഹി എന്നീ നമസ്കാരങ്ങൾ അതാതിൻെറ സമയങ്ങളിൽ (നാല് റകഅത്തുള്ളവ രണ്ടാക്കി ചുരുക്കി) അവിടെ നിർവഹിക്കുക.</td><td>ദുഹ്ർ, അസ്വർ, മഗ്‌രിബ്, ഇശാഅ്, സുബ്ഹി എന്നീ നമസ്കാരങ്ങൾ അതാതിൻെറ സമയത്ത് (നാല് റകഅത്തുള്ളവ രണ്ടാക്കി ചുരുക്കി) അവിടെ നിർവഹിക്കുക.</td><td>താൻ താമസിക്കുന്ന സ്ഥലത്തുനിന്ന് ഇഹ്റാമിൽ പ്രവേശിക്കുക. ദുഹ്ർ, അസ്വർ, മഗ്‌രിബ്, ഇശാഅ്, സുബ്ഹി എന്നീ നമസ്കാരങ്ങൾ അതാതിൻെറ സമയങ്ങളിൽ (നാല് റകഅത്തുള്ളവ രണ്ടാക്കി ചുരുക്കി) അവിടെ നിർവഹിക്കുക.</td></tr>
<tr><td>ദുൽഹജ്ജ് 9 (അറഫാ ദിവസം)</td><td colspan="3">1. സൂര്യോദയത്തിനു ശേഷം അറഫയിലേക്ക് തിരിക്കുക. (അറഫയിൽ ദുഹ്റും അസ്വറും ദുഹ്റിൻെറ സമയത്ത് ഒരു ബാങ്കും രണ്ട് ഇഖാമത്തും കൊടുത്ത്, ഈരണ്ട് റകഅത്തായി - ജംഉം കസ്റും ആയി - ചുരുക്കി നമസ്കരിക്കുക). ദിക്റ്, ക്വുർആൻ പാരായണം, ക്വിബ്‌ലയിലേക്ക് തിരിഞ്ഞുകൊണ്ടുള്ള പ്രാർത്ഥന, എന്നിവ വർദ്ധിപ്പിക്കൽ സുന്നത്താണ്. പ്രാർത്ഥിക്കുമ്പോൾ കയ്യുയർത്തുക. അറഫയിൽ എവിടേയും നിൽക്കാവുന്നതാണ്. ജബ്‌ലുർ-റഹ്‌മയിലേക്ക് പോകൽ നിബൻധനയില്ല.<br>2. സൂര്യാസ്തമയത്തിനു ശേഷം മുസ്ദലിഫയിലേക്ക് രാപ്പാർക്കാൻ പുറപ്പെടുക.</td></tr>
<tr><td>ദുൽഹജ്ജ് പത്താം രാവ് (മുസ്ദലിഫയുടെ രാത്രി)</td><td colspan="3">3. മുസ്ദലിഫയിലെത്തുമ്പോൾ ഒരു ബാങ്കും രണ്ട് ഇഖാമത്തും കൊടുത്ത് മഗ്‌രിബും, രണ്ട് റകഅത്തായി ഇശാഉം ഇശാഅിൻെറ സമയത്ത് (ജംആക്കി) നമസ്കരിക്കുക.<br>4. ഏഴ് ചെറിയ കല്ലുകൾ ജംറത്തുൽ അഖബയെ (കുബ്‌റയെ) എറിയാനായി പെറുക്കിയെടുക്കുക. അവ മിനായിൽനിന്നും പെറുക്കാവുന്നതാണ്.<br>5. മുസ്ദലിഫയിൽ രാത്രി പാർക്കുക. സുബ്ഹി ആദ്യസമയത്ത് നമസ്കരിക്കുക. സൂര്യോദയത്തിനു തൊട്ടു മുമ്പു വരേ ദിക്റും ദുആയും വർദ്ധിപ്പിക്കുക. ദുർബലരായ ഹാജിമാർക്ക് പാതിരാത്രി തന്നെ മുസ്ദലിഫയിൽനിന്ന് പുറപ്പെടാവുന്നതാണ്.</td></tr>
<tr><td rowspan="2">ദുൽഹജ്ജ് 10 (അറവിൻെറ അഥവാ പെരുന്നാൾ ദിവസം)</td><td>സൂര്യോദയത്തിനു മുമ്പ് മിനായിലേക്ക് തിരിക്കുക</td><td>സൂര്യോദയത്തിനു മുമ്പ് മിനായിലേക്ക് തിരിക്കുക</td><td>സൂര്യോദയത്തിനു മുമ്പ് മിനായിലേക്ക് തിരിക്കുക</td></tr>
<tr><td>1. ജംറത്തുൽ അഖബയെ (കുബ്‌റയെ) ഏഴു കല്ലുകൾകൊണ്ട് എറിയുക. ഓരോ കല്ലെറിയുമ്പോഴും തക്‌ബീർ ചൊല്ലുക.<br>2. മുടി വടിക്കുകയോ മുഴുവൻ വെട്ടുകയോ ചെയ്യുക. വടിക്കലാണുത്തമം.<br>3. ഇഹ്റാമിൽനിന്ന് വിരമിക്കുക. ഇതോടു കൂടി ഇഹ്റാമിൽ പാടില്ലാത്ത കാര്യങ്ങളിൽ സ്ത്രീ അല്ലാത്തതെല്ലാം അനുവദനീയമാണ്.<br>4. ത്വവാഫുൽ ഇഫാദ (ഹജ്ജിൻെറ ത്വവാഫ്). ഇത് റുക്നാണ്. അഥവാ ഇതില്ലാതെ ഹജ്ജ് ശരിയാകില്ല. ഇതോടു കൂടി ഹാജി പൂർണ്ണമായും ഇഹ്റാമിൽ പാടില്ലാത്തതിൽനിന്ന് അനുവദനീയൻ (തഹല്ലുൽ) ആയി.</td><td>1. ജംറത്തുൽ അഖബയെ (കുബ്‌റയെ) ഏഴു കല്ലുകൾകൊണ്ട് എറിയുക. ഓരോ കല്ലേറിന്നും തക്‌ബീർ ചൊല്ലുക.<br>2. ബലി അറുക്കുക (ഹജ്ജിൻെറ അറവ്).<br>3. മുടി വടിക്കുകയോ മുഴുവൻ വെട്ടുകയോ ചെയ്യുക. വടിക്കലാണുത്തമം.<br>4. ഇഹ്റാമിൽനിന്ന് വിരമിക്കുക. ഇതോടു കൂടി ഇഹ്റാമിൽ പാടില്ലാത്ത കാര്യങ്ങളിൽ സ്ത്രീയല്ലാത്തതെല്ലാം അനുവദനീയമാണ്.<br>5. ത്വവാഫുൽ ഇഫാദ (ഹജ്ജിൻെറ ത്വവാഫ്). ത്വവാഫുൽ ഖുദൂമിനോടൊപ്പം സഅ്‌യ് ചെയ്തിട്ടില്ലെങ്കിൽ സഅ്‌യും ചെയ്യുക. ഇവ റുക്നുകളാണ്. അഥവാ ഇവയില്ലാതെ ഹജ്ജ് ശരിയാകില്ല. ഇതോടു കൂടി ഹാജി പൂർണ്ണമായും ഇഹ്റാമിൽ പാടില്ലാത്തതിൽനിന്ന് അനുവദനീയൻ (തഹല്ലുൽ) ആയി.</td><td>1. ജംറത്തുൽ അഖബയെ(കുബ്‌റയെ) ഏഴു കല്ലുകൾകൊണ്ട് എറിയുക. ഓരോ കല്ലേറിന്നും തക്‌ബീർ ചൊല്ലുക.<br>2. ബലി അറുക്കുക (ഹജ്ജിൻെറ അറവ്).<br>3. മുടി വടിക്കുകയോ മുഴുവൻ വെട്ടുകയോ ചെയ്യുക. വടിക്കലാണുത്തമം.<br>4. ഇഹ്റാമിൽനിന്ന് വിരമിക്കുക. ഇതോടു കൂടി ഇഹ്റാമിൽ പാടില്ലാത്ത കാര്യങ്ങളിൽ സ്ത്രീയല്ലാത്തതെല്ലാം അനുവദനീയമാണ്.<br>5. ത്വവാഫുൽ ഇഫാദ (ഹജ്ജിൻെറ ത്വവാഫ്). ഇത് റുക്നാണ്. അഥവാ ഇതില്ലാതെ ഹജ്ജ് ശരിയാകില്ല.<br>6. ഹജ്ജിൻെറ സഅ്‌യ്: ഇതും റുക്നാണ്. ഇതോടു കൂടി ഹാജി പൂർണ്ണമായും ഇഹ്റാമിൽ പാടില്ലാത്തിൽനിന്ന് അനുവദനീയൻ (തഹല്ലുൽ) ആയി.</td></tr>
<tr><td>ദുൽഹജ്ജ് 11<br>അയ്യാമുത്തശ്‌രീക്</td><td colspan="3">1. ദുൽഹജ്ജ് പതിനൊന്നാം രാവിൽ മിനായിൽ രാപ്പാർക്കുക (ഇത് നിർബൻധമാണ്)<br>2. ഉച്ച തിരിഞ്ഞ ശേഷം ജംറത്തുൽ-സുഗ്റാ, വുസ്ത്വാ, കുബ്റാ എന്നീ ക്രമത്തിൽ മൂന്ന് ജംറകളിലും ഏഴു കല്ലുകൾകൊണ്ട് (ഓരോ കല്ലേറിന്നും തക്‌ബീർ ചൊല്ലി) എറിയുക.</td></tr>
<tr><td>ദുൽഹജ്ജ് 12</td><td colspan="3">1. ദുൽഹജ്ജ് പന്ത്രണ്ടാം രാവിൽ മിനായിൽ രാപ്പാർക്കുക (ഇത് നിർബൻധമാണ്)<br>2. ഉച്ച തിരിഞ്ഞ ശേഷം ജംറത്തുൽ-സുഗ്റാ, വുസ്ത്വാ, കുബ്റാ എന്നീ ക്രമത്തിൽ മൂന്ന് ജംറകളിലും ഏഴു കല്ലുകൾകൊണ്ട് (ഓരോ കല്ലേറിന്നും തക്‌ബീർ ചൊല്ലി) എറിയുക. ഇതോടു കൂടി ഹാജിക്ക് സൂര്യാസ്തമയത്തിനു മുമ്പായി മിന വിടാനും മക്കയിൽ ചെന്ന് ത്വവാഫുൽ വിദാഅ് (വിട വാങ്ങൽ ത്വവാഫ്) നിർവഹിക്കാനും അനുവാദമുണ്ട്. പന്ത്രണ്ടിനു സുര്യാസ്തമയത്തിനു മുമ്പായി മിന വിടാതെ പിന്തുന്ന പക്ഷം പതിമൂന്നാംരാവിലും മിനായിൽ രാപാർത്തുകൊണ്ട് ഹാജി താഴെ പറയുന്നവ നിർവഹിക്കുക.</td></tr>
<tr><td>ദുൽഹജ്ജ് 13</td><td colspan="3">1. ഉച്ച തിരിഞ്ഞ ശേഷം ജംറത്തുൽ-സുഗ്റാ, വുസ്ത്വാ, കുബ്റാ എന്നീ ക്രമത്തിൽ മൂന്ന് ജംറകളിലും ഏഴു കല്ലുകൾകൊണ്ട് (ഓരോ കല്ലേറിന്നും തക്‌ബീർ ചൊല്ലി) എറിയുക.<br>2. ഏറിനു ശേഷം മിന വിടുക. ശേഷം ത്വവാഫുൽ വിദാഅ് നിർവഹിക്കുക. മക്കയിൽനിന്ന് യാത്ര തിരിക്കുക. ത്വവാഫുൽ വിദാഅ് നിർബൻധമാണ്. ഇത് ഉപേക്ഷിച്ചാൽ പ്രായശ്ചിത്തമായി (ആർത്തവകാരിയും പ്രസവരക്തമുള്ളവളുമൊഴികെ) അറവ് നൽകണം</td></tr>
</table>

## ഹജ്ജിൻെറ റുകുനുകൾ:

1. ഇഹ്റാമിൽ പ്രവേശിക്കൽ (ഞാൻ ഹജ്ജിൽ അല്ലെങ്കിൽ ഉംറയിൽ പ്രവേശിക്കുന്നു എന്നു കരുതുക. ചെയ്യാൻ പോകുന്ന കർമ്മത്തോടൊപ്പം അത് ഏറ്റു പറയുക)
2. അറഫയിൽ നിൽക്കുക
3. ത്വവാഫുൽ ഇഫാദ
4. സഅ്യ്

ഈ റുകുനുകളിൽ ഏതെങ്കിലും ഒന്ന് ഉപേക്ഷിച്ചാൽ ഹജ്ജ് ശരിയാകില്ല. നഷ്ടമായത് ചെയ്യു ന്നത് വരെ

## ഹജ്ജിൻെറ വാജിബാതുകൾ:

1. മീഖാതിൽ വെച്ച് ഇഹ്റാമിൽ പ്രവേശിക്കൽ
2. രാത്രി വരേ അറഫയിൽ നിൽക്കൽ
3. മുസ്ദലിഫയിൽ രാപാർക്കൽ
4. അയ്യാമുത്തശ്‌രീഖിൻെറ രാത്രികളിൽ മിനായിൽ രാപാർക്കൽ.
5. ജംറകളിൽ കല്ലെറിയൽ
6. മുടി വെട്ടുക അല്ലെങ്കിൽ വടിക്കുക
7. ത്വവാഫുൽ വിദാഅ്.

ആരെങ്കിലും ഇവകളിൽ ഒന്ന് ഒഴിവാക്കിയാൽ പകരം അറവ് നൽകണം. ഹറമിൽ അറുക്കുകയും അവിടെ വെച്ച് സാധുക്കൾക്ക് വിതരണം ചെയ്യുകയും വേണം. ഹാജി അതിൽ നിന്ന് തിന്നരുത്. എങ്കിൽ ഹജ്ജ് ശരിയാകും.

## ഇഹ്റാമിലായിരിക്കെ പാടില്ലാത്ത കാര്യങ്ങൾ:

1. മുടി കളയൽ
2. പുരുഷൻ തുന്നിയത് ധരിക്കൽ
3. പുരുഷൻ തല മറക്കൽ
4. ഭാര്യയുമായുള്ള പ്രേമ ചേഷ്ഠകൾ
5. വേട്ടയാടൽ
6. നഖം വെട്ടൽ
7. സുഗൻധം പൂശൽ
8. വിവാഹം
9. സംയോഗം

**മുകളിൽ പറഞ്ഞ നിഷിദ്ധങ്ങളിൽ, ആരെങ്കിലുമൊന്ന്, മറന്നോ അറിവില്ലാതെയോ ചെയ്താൽ അവന് കുഴപ്പമില്ല. പ്രായശ്ചിത്തമായി ഒന്നും ചെയ്യേണ്ടതുമില്ല. എന്നാൽ മനപ്പൂർവ്വം ചെയ്യുന്നവർ പ്രായശ്ചിത്തമായി മൂന്ന് ദിവസം നോമ്പ് നോൽക്കണം. അല്ലെങ്കിൽ ഒരു ആടിനെ അറുക്കണം. അല്ലെങ്കിൽ ആറ് സാധുക്കൾക്ക് ഭക്ഷണം നൽകണം. ഒന്നാം തഹല്ലുലിന് മുമ്പാണ് ഒരാൾ ഭാര്യയുമായി ബൻധപ്പെടുന്നതെങ്കിൽ അയാളുടെ ഹജ്ജ് ദുർബലമായി. അടുത്ത വർഷം അയാൾ ഹജ്ജ് വീട്ടണം. ഹറമിൽ ഒരു ഒട്ടകത്തെ നിർബൻധമായും അറുക്കണം. എന്നാൽ ഒന്നാം തഹല്ലുലിന് ശേഷമാണ് ഭാര്യയുമായി ബൻധപ്പെടുന്നതെങ്കിൽ ഹജ്ജ് ശരിയാകും. അയാൾ പ്രായശ്ചിത്തമായി ഒരു ആടിനെ അറുക്കണം.**

**സഹോദരൻ ഹാജീ:**

**ഓരോ ഹജ്ജ് കർമ്മവേളയിലും നിങ്ങൾ അല്ലാഹുവിൻെറ മുമ്പിലാണ് നിൽക്കുന്നതെന്ന മഹാത്മ്യം മറക്കരുത്. പ്രവാചകൻ(സ)യിൽനിന്ന് ബുഖാരി റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീഥ് നിങ്ങൾ ഓർക്കുക. "തെറ്റായ വാക്കോ പ്രവൃത്തിയോ വരാതെ ഒരാൾ ഹജ്ജ് ചെയ്താൽ അന്ന് ഉമ്മ പ്രസവിച്ച കുഞ്ഞിനെ പോലെ അയാൾ പാപമുക്തനായി തിരിച്ചു വരും."**

**അല്ലാഹു താങ്കളുടെ ഹജ്ജും ഉംറയും സ്വീകരിക്കുമാറാകട്ടെ, പാപങ്ങൾ പൊറുത്തു തരുമാറാകട്ടെ. (ആമീൻ)**

# دليل الحاج

التزجمة والترتيب

*عبد الجبار عبدالله*

القسم المليباري بالمكتب التعاوني للدعوة والإرشاد
وتوعية الجاليات بالدمام (جاليات السوق)

# ഹാജിക്കൊരു വഴി കാട്ടി

അബ്ദുൽ ജബ്ബാർ മദീനി
ഇസ്‌ലാമിക് കൾച്ചറൽ സെൻറർ
ദമ്മാം
മലയാള വിഭാഗം